# Desabhimani
# 17 July 2018
# Kottayam, Heavy Rain, Flood, 5 Death

## കനത്തമഴയിൽ കോട്ടയത്ത് 5 മരണം

**കോട്ടയം**

ജില്ലയിൽ കനത്തമഴയെത്തുടർന്ന് വെള്ളക്കെട്ടിലും ആറ്റിലും വീണ് അഞ്ചു മരണം. മൂന്ന് യുവാക്കളെ കാണാതായി. ഈരാറ്റുപേട്ടയിൽ വെള്ളക്കെട്ടിൽ വീണ് മധ്യവയസ്കനും വാഴൂരിൽ തോട്ടിൽവീണ് ഷാപ്പ് ജീവനക്കാരനും നാഗമ്പടത്ത് റോഡിലെ വെള്ളകെട്ടിൽ വീണ് ഇതര സംസ്ഥാനക്കാരനും മരിച്ചു. ചിങ്ങവനത്ത് കണ്ടത്തിലെ വെള്ളക്കെട്ടിലും പെരുവയിൽ കുളത്തിലും അജ്ഞാതരെ മരിച്ചനിലയിൽ കണ്ടെത്തി. മുണ്ടക്കയത്തും കോരുത്തോടും ആറ്റിൽ വീണ് മൂന്ന് യുവാക്കളെ കാണാതായി.

ഈരാറ്റുപേട്ട റോഡിൽ കയറിയ വെള്ളത്തിൽ കാൽവഴുതി വീണാണ് മധ്യവയസ്കൻ മരിച്ചത്. മേലമ്പാറ കുന്നത്ത് കെ വി ജോസഫ്(58) ആണ് മരിച്ചത്. തിങ്കളാഴ്ച പകൽ ഒന്നോടെയാണ് സംഭവം. മേലമ്പാറ ജങ്ഷനിൽ വർഷങ്ങളായി ചായക്കട നടത്തുന്ന ഇദ്ദേഹം ഉച്ചയ്ക്ക് വീട്ടിൽപോയി തിരികെ കടയിലേയ്ക്ക് വരുന്നവഴി റോഡിലെ വെള്ളക്കെട്ടിൽ കാൽ തെന്നി വീഴുകയായിരുന്നു. ഏറെ നേരമായിട്ടും ഇദ്ദേഹം വരാത്തതിനെ തുടർന്ന് വീട്ടുകാർ അന്വേഷിച്ച് ചെന്നപ്പോഴാണ് വെള്ളക്കെട്ടിൽ വീണ് മരിച്ചനിലയിൽ കണ്ടെത്തിയത്. സംസ്കാരം പിന്നീട്. ഭാര്യ: ക്ലാരമ്മ മേലമ്പാറ വളപ്പിൽ കുടുംബാംഗം. മക്കൾ: പ്രീയ, പ്രിൻസ്, പ്രിൻസി. മരുമക്കൾ: ബിജു വലിയമലയിൽ അതിരമ്പുഴ(ഐഎൻടിയുസി ജില്ലാ സെക്രട്ടറി), ആരതി ത്രിവേണി തിരുവനന്തപുരം, ബർലിൻ മാത്യു(റിപ്പാർട്ടർ മംഗളം ടി വി കോട്ടയം, കോളാക്കോട്ട് ഏന്തയാർ).

വാഴൂരിൽ മണിമലക്കു സമീപം പഴയിടം വയലിൽപടി ഷാപ്പിലെ ജീവനക്കാരൻ ചെറുവള്ളി മൂലേപ്ലാവ് ആറ്റുപുറത്ത് വീട്ടിൽ ശിവൻകുട്ടി(52) ആണ് തോട്ടിലെ വെള്ളത്തിൽ വീണ് മരിച്ചത്. തിങ്കളാഴ്ച രാവിലെ 10 ഓടെയാണ് സംഭവം. കനത്ത മഴയിൽ മണിമലയാറ്റിലെ ജലനിരപ്പ് ഉയർന്നതിനെ തുടർന്ന് ആറിന്റെ തീരത്ത് സ്ഥിതിചെയ്യുന്ന ഷാപ്പിലും വെള്ളം കയറിയിരുന്നു. വീട്ടിൽനിന്നും ഷാപ്പിലെത്തിയ ശിവൻകുട്ടി മണിമല ആറിനോടു ചേർന്നോഴുകുന്ന തോട്ടിൽ വീഴുകയായിരുന്നു. നാട്ടുകാർ ചേർന്ന് കാഞ്ഞിരപ്പള്ളി ജനറൽ ആശുപത്രിയിൽ എത്തിച്ചെങ്കിലും മരിച്ചു. ഇദ്ദേഹത്തിന്റെ ഭാര്യ സുജാത കാൻസർ ബാധയെ തുടർന്ന് മരിച്ചിട്ട് ചൊവ്വാഴ്ച രണ്ട് വർഷം തികയാനിരിക്കെയാണ് ശിവൻകുട്ടിയുടെ മരണം. സംസ്കാരം ചൊവ്വാഴ്ച പകൽ 11 ന് വീട്ടുവളപ്പിൽ.

മക്കൾ: ശ്രീകുമാർ, ശ്രീകല. മരുമക്കൾ: രാധിക, പ്രസാദ്. മീനച്ചാലിറ്റിൽ നാഗമ്പടത്തിന് സമീപം റോഡിലെ വെള്ളകെട്ടിൽ വീണാണ് ഇതര സംസ്ഥാനക്കാരൻ മരിച്ചത്. ബംഗാൾ കൊൽക്കത്ത ബർദുവാൻ സ്വദേശി ഷിബാജി അധികാരി(36) ആണ് മരിച്ചത്. നാഗമ്പടം ക്ഷേത്രത്തിന് സമീപമുള്ള വെള്ളം കയറിക്കിടക്കുന്ന വഴിയിലാണ് ഇയാളെ മരിച്ചനിലയിൽ കണ്ടെത്തിയത്. തിങ്കളാഴ്ച പകൽ ഒന്നരയോടെയാണ് മൃതദേഹം കണ്ടെത്തിയത്. മൂന്നുവർഷമായി നാഗമ്പടം പാലത്തിന് സമീപമുള്ള സ്വകാര്യ കാർ സർവീസ് സെന്ററിലെ ജീവനക്കാരനാണ്. ജോലികഴിഞ്ഞ് റൂമിലേക്ക് പോകുമ്പോഴായിരിക്കാം മരണം സംഭവിച്ചതെന്ന് പൊലീസ് പറഞ്ഞു. ഗാന്ധിനഗർ പൊലീസ് മേൽനടപടി സ്വീകരിച്ചു. മൃതദേഹം കോട്ടയം മെഡിക്കൽ കോളേജ് ആശുപത്രി മോർച്ചറിയിൽ.

ചിങ്ങവനം ചന്തയ്ക്ക് താഴെ ബിവറേജസിന് സമീപം കണ്ടത്തിലെ വെള്ളക്കെട്ടിൽ മൂന്ന് ദിവസത്തിലേറെ പഴക്കമുള്ള പുരുഷജഡം കണ്ടെത്തി. പുഴുവരിച്ച നിലയിലാണ് മൃതദേഹം കണ്ടെത്തിയത്. അരയിൽ ചരടുണ്ട്. ഇതരസംസ്ഥാന തൊഴിലാളിയാണെന്ന് പൊലീസ് സംശയിക്കുന്നു. 50 വയസ്സിനടുത്ത് പ്രായം തോന്നിക്കും. ചിങ്ങവനം പൊലീസ് കേസെടുത്തു. മൃതദേഹം മെഡിക്കൽ കോളേജ് മോർച്ചറിയിൽ.

പെരുവയിൽ അജ്ഞാതനെ കുളത്തിൽ മരിച്ച നിലയിൽ കണ്ടെത്തി. പെരുവ ശാന്തിപുരം കുട്ടാനിക്കൽ കോളനിക്ക് സമീപം റബർ തോട്ടത്തിലെ കുളത്തിലാണ് മൃതദേഹം കണ്ടത്. ഉദ്ദേശം 40 നും 45 നും ഇടയിൽ പ്രായമുള്ള പുരുഷന്റേതാണ് മൃതദേഹം. റബർ തോട്ടത്തിൽ വിറക് ശേഖരിക്കാൻ എത്തിയവരാണ് മൃതദേഹം ആദ്യം കണ്ടത്. ഇവർ വിവരമറിയച്ചിനെ തുടർന്ന് സ്ഥലത്തെത്തിയ വെള്ളൂർ പൊലീസ് മേൽനടപടി സ്വീകരിച്ചു. മൃതദേഹത്തിന് ഏതാനും ദിവസത്തെ പഴക്കമുള്ളതായി സംശയിക്കുന്നു. ഇളം മഞ്ഞ നിറമുള്ള ഷർട്ടാണ് ധരിച്ചിരിക്കുന്നത്. കോട്ടയത്തുനിന്ന് സയന്റിഫിക്ക് വിദഗ്ധരും പൊലീസ് നായയും സ്ഥലത്തെത്തി പരിശോധന നടത്തി. മൃതദേഹം കോട്ടയം മെഡിക്കൽ കോളേജിലെ മോർച്ചറിയിലേക്ക് മാറ്റി. വെള്ളൂർ പൊലീസ് ഫോൺ: 04829257160.